## സ്വാമി ശരണം
# റീ-ടെൻഡർ

കൊല്ലവർഷം 1191-ലെ ശബരിമല മഹോത്സവങ്ങളോടനുബന്ധിച്ച് ഗ്യാസ് കാരയിൽ അപ്പം തയ്യാറാക്കി ഏൽപ്പിക്കുന്നതിനും,വെള്ളനിവേദ്യം, ശർക്കരപ്പായസം എന്നിവ തയ്യാറാക്കി നൽകുന്നതിനും, റാക്കില ക്യാരിബാഗുകൾ, ഗ്ലൂക്കോസ് ബിസ്കറ്റുകൾ എന്നീ സപ്ലൈ ചെയ്യുന്നതിനുമുള്ള അവകാശങ്ങൾക്ക് റീ-ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുകൾ 28-10-2015 ഉച്ചയ്ക്കുശേഷം രണ്ടുമണിയ്ക്ക് മുമ്പായി ദേവസ്വം ദേവസ്വം കമ്മീഷണർ ആഫീസിൽ ലഭിച്ചിരിക്കണം അന്നേ ദിവസം തന്നെ മൂന്നു മണിയ്ക്ക് ടെൻഡറുകൾ തുറന്ന് പരിശോധിക്കുന്നതാണ്.

വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1)ഗ്യാസ് കാരകളിൽ അപ്പം-തയ്യാറാക്കുന്നതിനുള്ള അവകാശം

ഈ ആഫീസിൽ നിന്നും 01-9-2015-ൽ ആർ. ഒ.സി.58/15/ശബ എന്ന നമ്പരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ദർഘാസ് പരസ്യത്തിലെ വ്യവസ്ഥകൾ റീ-ടെൻഡറിലും ബാധകമായിരിക്കും (ഇ.എം.ഡി.-25,000/- രൂപ)

2)വെള്ളനിവേദ്യം-ശർക്കരപ്പായസം സപ്ലൈ

വെള്ളനിവേദ്യം, ശർക്കരപ്പായസം എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള അവകാശം

ഈ ആഫീസിൽ നിന്നും 01-09-2015-ൽ ആർ.ഒ.സി.58/15/ശബ-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ദർഘാസ് പരസ്യത്തിലെ വ്യവസ്ഥകൾ റീ-ടെൻഡറിനും ബാധകമാണ്.

(ഇ.എം.ഡി. 10,000/- രൂപ)

3)റാക്കില-സപ്ലൈ

റാക്കില സപ്ലൈയ്ക്ക് 1000 എണ്ണം സപ്ലൈ ചെയ്യാവുന്ന നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.

ഇ.എം.ഡി. 5000/- രൂപ

ആവശ്യമായ അളവ് 1,50,00,000 എണ്ണം

4)ക്യാരിബാഗുകൾ

നല്ല നിലവാരത്തിലുള്ളതും ബയോഡിഗ്രേഡബിൾ (Biodegradable) ക്യാരി ബാഗുകളാണ് സപ്ലൈ ചെയ്യേണ്ടത്. കേബിൾ ടൈയോട് (cable tie) കൂടിയതായിരിക്കണം. ക്യാരീബാഗുകൾക്ക് 40 cm നീളവും 30 cm വീതിയും ഉണ്ടായിരിക്കണം വെള്ള നിറമോ ക്രീം നിറമോ ആകാം. "തിരുവിതാംകൂർ ദേവസ്വം ബോർഡ്, ശബരിമല പ്രസാദം" എന്ന് ഒരു വശത്തും മറുവശത്ത് അയ്യപ്പസ്വാമിയുടെ ചിത്രവും ആലേഖനം ചെയ്തിരിക്കണം. സാമ്പിൾ കൂടി ഹാജരാക്കേണ്ടതാണ്.

(ഇ.എം.ഡി. 10,000/- രൂപ)

ആവശ്യമായ അളവ് - 80,000 എണ്ണം

5)ഗ്ലൂക്കോസ് ബിസ്ക്കറ്റുകൾ

ഗ്ലൂക്കോസ് ബിസ്ക്കറ്റുകൾക്ക് ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ അവർക്ക് ഈ മേഖലയിലെ പരിചയം വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിരി ക്കണം ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതമയ ബിസ്ക്കറ്റുകളാണ് സപ്ലൈ ചെയ്യേണ്ടത്. ഏകദേശം 25,00,000 (ഇരുപത്തിയഞ്ചു ലക്ഷം) ബിസ്ക്കറ്റുകൾ സപ്ലൈ ചെയ്യേണ്ടതായി വരും ഒരു ബിസ്ക്കറ്റിനുള്ള (Rate per one biscut), ഒരു കിലോഗ്രാമിനുള്ള നിരക്ക് (Rate per kg) എന്നിവ ടെൻഡറിൽ രേഖപ്പെടുത്തി യിരിക്കണം ഒരു പായ്ക്കറ്റ് സാമ്പിൾ ഹാജരാക്കേണ്ടതാണ്.

പായ്ക്കറ്റുകളിലായി ശബരിമലയിൽ സപ്ലൈ ചെയ്യണം.

(ഇ.എം.ഡി.25,000/-രൂപ)

മേൽ വിവരിച്ച സംഗതികൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും തിരുവനന്തപുരത്തുള്ള ദേവസ്വം കമ്മീഷണർ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

(ഒപ്പ്)

ദേവസ്വം കമ്മീഷണർ.

ആർ.ഒ.സി.58/15/ശബ

ദേവസ്വം കമ്മീഷണർ ആഫീസ്,

നന്തൻകോട്, തിരുവനന്തപുരം.

16-10-2015. 0471 2314288

04735 202026